022740 GOVT. BRENNEN COLLEGE LIBRARY THALASSERY

K19P 1434

Reg. No. : ..............................

Name : ..................................

# I Semester M.A. Degree (CBSS - Reg./Sup./Imp.) Examination, October - 2019
## (2014 Admission Onwards)
## Mayalayalam Language and Literature
## MAL 1C04 : Linguistics

സമയം : 3 മണിക്കൂർ                                        മാർക്ക് : 80

**I.** രണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **(5×4=20)**

1. രൂപസിദ്ധി (Inflexion) നിഷ്പാദനം (Derivation) എന്നിവ എന്തെന്ന് വ്യക്തമാക്കുക.
2. ആചാരഭാഷ എന്നാൽ എന്തെന്ന് വ്യക്തമാക്കുക.
3. കേന്ദ്രരേഖ (Focal Area) അവശിഷ്ടമേഖല (Relic Area) എന്നിവയുടെ സ്വഭാവം ഉദാഹരണസഹിതം വിശദീകരിക്കുക.
4. സഹോച്ചാരണം എന്നാൽ എന്ത് ? വിശദീകരിക്കുക.
5. പുനഃസൃഷ്ടി (Reconstruction) എന്നാൽ എന്ത് ? എത്രതരം? വിശദീകരിക്കുക.

**II.** നാല് പുറത്തിൽ കവിയാതെ ഉത്തരങ്ങളെഴുതുക. **(5×6=30)**

6. (എ) മറ്റ് ആശയവിനിമയ രീതികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യ ഭാഷയ്ക്കു മാത്രമുള്ള സ്വഭാവ സവിശേഷതകൾ (ഭാഷയുടെ വ്യാവർത്തക ധർമ്മങ്ങൾ) എന്തെല്ലാം? വിശദീകരിക്കുക.

   അല്ലെങ്കിൽ

   (ബി) സ്വതന്ത്രാ പരിവർത്തനം (Prevariation) എന്നാൽ എന്ത്? ഉദാഹരണസഹിതം വിശദീകരിക്കുക.

7. (എ) ഭാഷാശാസ്ത്രത്തിന്റെ ചരിത്രം വിവരിക്കുക.

P.T.O.

അല്ലെങ്കിൽ

(ബി) എന്താണ് ശിശുഭാഷയുടെ പ്രത്യേകതകൾ? ശിശുഭാഷയുടെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

8. (എ) ശ്രവണാസ്പദം (Auditory) സ്വനഭൗതികം (Acuostic) എന്നീ സ്വന പഠന രീതികൾ വിവരിച്ച് ഭാഷാപഠനത്തിൽ അവയുടെ സാധ്യതകളും പരിമിതികളും പരിശോധിക്കുക.

അല്ലെങ്കിൽ

(ബി) വാക്യത്തെക്കുറിച്ച് ഘടനാത്മക സമീപനം അവതരിപ്പിച്ചിട്ടുള്ള പരികല്പനകൾ എന്തെല്ലാം?

9. (എ) സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പ്രസക്തിയും ലക്ഷ്യവും വിശദീകരിക്കുക.

അല്ലെങ്കിൽ

(ബി) നോം ചോംസ്കി ആവിഷ്കരിച്ച രചനാന്തരണ പ്രജനക വ്യാകരണം (Transformative Generative Grammar) എന്തെന്ന് വിശദമാക്കുക.

10. (എ) ലീനധ്വനികൾ എന്നാൽ എന്ത്? പ്രധാന ലീനധ്വനികളെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(ബി) അപനിർമ്മാണം (Deconstruction) എന്നാൽ എന്ത് ? വിശദീകരിക്കുക.

III. ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×10=30)**

11. (എ) വിവര സാങ്കേതിക വിദ്യയുടെ നൂതന സാധ്യതകളെ ഉൾക്കൊള്ളാൻ മലയാള ഭാഷ്യ്ക്കു ശേഷിയില്ല എന്ന വാദം വിമർശന ദൃഷ്ട്യാ പരിശോധിക്കുക.

അല്ലെങ്കിൽ

ബി) ഭാഷകളെ വംശീയമായി (Geneological) വേർതിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത് ? അങ്ങനെ നിർണ്ണയിക്കപ്പെട്ട ഭാഷാഗോത്രങ്ങളെക്കുറിച്ച് വിവരിക്കുക.

12. (എ) അക്ഷരം (Syllable) എന്നാൽ എന്ത് ? അക്ഷരത്തെ കുറിച്ച് നിലവിലുള്ള സിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുക.



അല്ലെങ്കിൽ

(ബി) സാമൂഹ്യ മാധ്യമങ്ങൾ (ഫെയ്സ്ബുക്ക്, ട്വിറ്റർ, വാട്ട്സാപ്പ് തുടങ്ങിയവ) മലയാള ഭാഷയേയും കേരളത്തിന്റെ വർത്തമാനകാല സാംസ്കാരിക ജീവിതത്തെയും ഏതൊക്കെ തരത്തിലാണ് സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് ? സോദാഹരണം വിശദീകരിക്കുക.

13. (എ) ആദാനം (Borrowing) ഭാഷയ്ക്കു ഗുണകരമാണോ? മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേയ്ക്കുള്ള ആദാനത്തെ ആസ്പദമാക്കി പരിശോധിക്കുക.

അല്ലെങ്കിൽ

(ബി) ഭാഷാ പരിണാമത്തിന്റെ കാരണങ്ങൾ എന്തെല്ലാം? മലയാളത്തിലുണ്ടായ സ്വനപരിണാമത്തിന്റെ കാരണങ്ങൾ, രീതികൾ, ഫലം എന്നിവ വിവരിക്കുക.

———————